<u>പതിമൂന്നാം കേരള നിയമസഭ</u>
<u>അഞ്ചാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4661 — 29-06-2012 - ലെ മറുപടിയ്ക്ക്

## അടയ്ക്ക വിലയിടിവ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. കെ.പി.മോഹനൻ (ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) ഇക്കഴിഞ്ഞ ഏപ്രിൽ മാസത്തിൽ സംസ്ഥാനത്ത് അടയ്ക്കയുടെ വില എത്രയായിരുന്നു; | (എ) | ആദ്യത്തെ രണ്ടാഴ്ചകളിൽ പഴയ അടയ്ക്കയ്ക്ക് കിലോ ഗ്രാമിന് 190 മുതൽ 210 രൂപ വരെയും പുതിയ അടയ്ക്കയ്ക്ക് 170 മുതൽ 180 രൂപ വരെയായിരുന്നു വില. അവസാന ആഴ്ചകളിൽ പഴയ അടയ്ക്കയ്ക്ക് 210 മുതൽ 220 രൂപവരെയും പുതിയ അടയ്ക്കയ്ക്ക് 155 മുതൽ 165 രൂപവരെയും ആയിരുന്നു വില. |
| (ബി) ഇപ്പോൾ വിപണിയിൽ എത്രയാണ് വില; | (ബി) | പഴയ അടയ്ക്കയ്ക്ക് കിലോ ഗ്രാമിന് 210 മുതൽ 225 രൂപവരെയും പുതിയ അടയ്ക്കയ്ക്ക് 145 മുതൽ 160 രൂപവരെയുമാണ് വില. |
| (സി) ഇത്തരത്തിൽ വിലയിടിവ് വരാനുണ്ടായ കാരണം പരിശോധിച്ചിട്ടുണ്ടോ; (ഡി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ; | (സി) & (ഡി) | പാൻമസാല നിരോധനത്തോടൊപ്പം അടയ്ക്ക കുറഞ്ഞ വിലയ്ക്ക് ഇന്റോനേഷ്യ, ബംഗ്ലാദേശ്, തായ്‌ലാന്റ് തുടങ്ങിയ രാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്നത് ആഭ്യന്തര വിപണിയിൽ വില കുറയാൻ കാരണമായിട്ടുണ്ട്. |
| (ഇ) ആയത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ? | (ഇ) | 2009-2010 വർഷത്തിൽ കമ്മോഡിറ്റി സേഫ്റ്റി നെറ്റ് പദ്ധതി പ്രകാരം 10 കോടി രൂപയുടെ ഒരു കോർപ്പസ് ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. അടയ്ക്ക ഉൾപ്പെടെ തിരഞ്ഞെടുത്ത വിളകളുടെ വിലത്തകർച്ച മൂലം കർഷകർ പ്രതിസന്ധിയിൽ ആകുന്ന സാഹചര്യത്തിൽ പ്രസ്തുത ഫണ്ടിൽ നിന്നും നഷ്ടപരിഹാര തുക കർഷകർക്ക് നൽകാവുന്നതാണ്. അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മിഷണർ ചെയർമാനായ ഹൈലെവൽ കമ്മിറ്റിയാണ് ആവശ്യകതയും സഹായത്തിന്റെ തോതും തീരുമാനിക്കുന്നത്. സ്കീം നിബന്ധനകൾ പ്രകാരം കോർപ്പസ് |

ഫണ്ടിന് ലഭിക്കുന്ന പലിശയും അടിയന്തിര സാഹചര്യങ്ങളിൽ കോർപ്പസ് ഫണ്ടിന്റെ പരമാവധി 15% വും മാത്രമാണ് ആനുകൂല്യമായി നൽകാൻ കഴിയുന്നത്.

സെക്ഷൻ ഓഫീസർ